# 1. ആദിത്യൻ പ്രഭാതകാലേ




**75** **R. S. 646; A. M. 220; E. H. 420**

*'Jesus shall reign'*

**L. M.**

1. ആദിത്യൻ ഉദിച്ചീടുന്ന
ദേശങ്ങളിലെല്ലാം യേശു
അന്തമില്ലാത്തൊരു രാജ്യം
സ്ഥാപിച്ചു വാഴും എന്നേക്കും.

2. നാനാദേശക്കാരെല്ലാരും
തൻ സ്നേഹത്തിൻ സ്തുതിപാടും
പൈതങ്ങൾ കൂടെ ഘോഷിക്കും
വിശേഷമാം തൻ നാമത്തെ.

3. യാചനകൾ സ്തോത്രമെല്ലാം
തൻ നാമത്തിൽ ഉയർന്നീടും
നാനാജനം വണങ്ങീടും
രാജാധിരാജൻ കർത്തനെ.

4. വേദന, ക്ലേശം, പാപവും
പോകും അശേഷം എന്നേക്കും
സ്വാതന്ത്ര്യം, ഭാഗ്യം, പൂർണ്ണത
എല്ലാവർക്കും ലഭിച്ചീടും.

5. ലോകർ വരട്ടെ തൻ മുമ്പിൽ
സ്തുതി സ്തോത്രത്തോടുകൂടെ
മേൽ ലോകസൈന്യം പാടട്ടെ
ഭൂമി ചൊല്ലീടട്ടെ 'ആമെൻ.'